കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 2, ബുധൻ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 1986 ജൂലൈ 2-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ ചോദ്യം നമ്പർ 164.

സൂപ്പർ മാവേലി സ്റ്റോറുകൾ

* 161 [164] ശ്രീ. കാനം രാജേന്ദ്രൻ:
,, കെ.വി.സുരേന്ദ്രനാഥ്:
,, കെ.ടി.കുമാരൻ:
,, പി.കെ.കെ.ബാവ:
,, കൊരമ്പയിൽ അഹമ്മദ് ഹാജി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സൂപ്പർ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നു;

(ബി) മാവേലി സ്റ്റോറുകളും സൂപ്പർ മാവേലി സ്റ്റോറുകളും തമ്മിലുള്ള പ്രധാനപ്പെട്ട വ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സൂപ്പർ മാവേലി സ്റ്റോറുകളിൽക്കൂടി പുതുതായി എന്തെല്ലാം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൂടുതൽ സൂപ്പർ മാവേലി സ്റ്റോറുകൾ തുടങ്ങാൻ ഉദ്ദേശമുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. യു. എ. ബീരാൻ): സർ,

(എ) മൂന്നു മൊബൈൽ മാവേലി സ്റ്റോറുകൾ ഉൾപ്പെടെ 13 സൂപ്പർ മാവേലി സ്റ്റോറുകൾ ഉണ്ട്.

(ബി) മാവേലി സ്റ്റോറുകളിൽ അരി, പഞ്ചസാര, പല വ്യഞ്ജനം, ഭക്ഷ്യ എണ്ണ മുതലായവ ലഭിക്കുമ്പോൾ സൂപ്പർ മാവേലി സ്റ്റോറുകളിൽ മേൽപ്പറഞ്ഞവയ്ക്ക് പുറമേ ടോയ്ലറ്റ്, കോസ് മറിക്ക് സാധനങ്ങൾ, പ്ലാസ്റ്റിക് സാധനങ്ങൾ, ബേബിഫുഡ്സ്, നോട്ടുബുക്കുകൾ ചിലതരം വീട്ടുപകരണങ്ങൾ മുതലായവ കൂടി ലഭിക്കും എന്നുള്ളതാണ് വ്യത്യാസം.

(സി) ടോയ്ലറ്റ്, കോസ്മറിക്ക് സാധനങ്ങൾ, ബേബി ഫുഡ്, സ്റ്റേഷനറി, പ്ലാസ്റ്റിക് സാധനങ്ങൾ, ചില വീട്ടുപകരണങ്ങൾ മുതലായവ വിതരണം ചെയ്യുന്നുണ്ട്.

(ഡി) ഉണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ: സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതിന്റെ പ്രവർത്തനം ആരംഭിച്ചഘട്ടത്തിൽ കോസ്മറിക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്തതിന്റെ ഫലമായി വളരെക്കൂടുതൽ നഷ്ടമുണ്ടായതിന്റെ അടിസ്ഥാനത്തിൽ അത്തരം സാധനങ്ങളിൽ നിന്നും മാറി ഭക്ഷ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യാൻ തീരുമാനിക്കുകയും അങ്ങനെ മാവേലി സ്റ്റോറുകൾ തുടങ്ങുകയും ചെയ്തു. പുതിയ വിതരണസമ്പ്രദായം തുടങ്ങിയതിന്റെ പേരിൽ സെയിൽസ് ടേൺ ഓവർ എത്ര വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്ന കാര്യം വ്യക്തമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: സൂപ്പർ മാവേലി സ്റ്റോറുകൾ തുടങ്ങിയത് ഏപ്രിൽ മാസംമുതൽക്കാണ്. സൂപ്പർ മാവേലി സ്റ്റോറാക്കിയതിനുശേഷമുള്ള വിറ്റുവരവ് പരിശോധിച്ചപ്പോൾ 350 രൂപ മുതൽ 2,000 രൂപ വരെ ദിവസം വിറ്റുവരവ് വർദ്ധിച്ചിട്ടുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞു.

ശ്രീ. കാനം രാജേന്ദ്രൻ: മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്തു കൊണ്ടിരുന്ന പാമോലിൻ വിതരണം നിറുത്തിയതിന്റെ ഫലമായി മാവേലിസ്റ്റോറുകളുടെ വിറ്റുവരവ് എത്രമാത്രം കുറഞ്ഞിട്ടുണ്ട്; വിതരണത്തിനായി എത്തിയ പാമോലിൻ കെട്ടിക്കിടപ്പുണ്ടോ;

ശ്രീ. യു. എ. ബീരാൻ: പാമോലിന്റെ വിതരണം ഒരു നയമെന്നനിലയ്ക്ക് സംസ്ഥാന ഗവൺമെന്റ് നിറുത്തിയിരിക്കുകയാണ്. കഴിഞ്ഞ ഡിസംബർ മാസത്തിലാണ് ആ തീരുമാനമെടുത്തത്. കേരളത്തിലെ പ്രത്യേക ഉൽപ്പന്നമായ നാളികേരത്തിന്റെ വിലയിടിവ് കാരണം അങ്ങനെ ഒരു തീരുമാനമെടുത്ത് പാമോലിന്റെ സ്ഥാനത്ത

LIBRARY ARCHIVES Kerala Legislative Assembly

വെളിച്ചെണ്ണ വിൽക്കാൻവേണ്ടി തീരുമാനിച്ചു. ആ അവസരത്തിൽ 1700 ടൺ പാമോലിൻ കോർപ്പറേഷന് സ്റ്റോക്കുണ്ടായിരുന്നു. അന്ന് സ്റ്റോക്കുണ്ടായിരുന്ന പാമോലിൻ കഴിഞ്ഞ റംസാൻ സമയത്ത് കേരളത്തിലെ എല്ലാ കാർഡുടമകൾക്കും അര കിലോ വീതം കൊടുത്ത് മുഴുവനും വിറ്റു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ടി. കുമാരൻ: സൂപ്പർ മാവേലി സ്റ്റോറുകൾ എല്ലാ താലൂക്കുകളിലും ആരംഭിക്കുന്നതിനെക്കുറിച്ചാലോചിക്കുമോ? പിന്നോക്ക പ്രദേശമായ കാസർകോഡ് ജില്ലയിലെ കാസർകോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം എന്നീ പട്ടണങ്ങളിൽക്കൂടി അടിയന്തിരമായി ഓരോ സൂപ്പർ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: ഞാൻ ആദ്യം പറഞ്ഞതുപോലെ ഇതൊരു പരീക്ഷണമെന്നനിലയ്ക്കാണ് ആരംഭിച്ചിരിക്കുന്നത്. അതിന്റെ പ്രവർത്തനം നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. മറ്റ് പ്രധാനകേന്ദ്രങ്ങളിലെല്ലാം ഇത് വ്യാപിപ്പിക്കണമെന്ന ഉദ്ദേശമുണ്ട്. അങ്ങനെ വരുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചതുപോലെ കാസർകോഡ് തുടങ്ങിയ സ്ഥലങ്ങളിൽ ഈ സൂപ്പർ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ്.

ശ്രീ. കെ. ടി. കുമാരൻ: ഹോംസെയിൽ ഡിപ്പോകൾ സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ചുകൊടുത്തതുപോലെ ഈ മാവേലിസ്റ്റോറുകളും സ്വകാര്യവ്യക്തികളെ ഏൽപ്പിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിച്ചതായിട്ടറിയുന്നു. അതിന്റെ നിജസ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: ഹോം സെയിൽ ഡിപ്പോകൾ സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ചുകൊടുക്കുകയെന്നുള്ളത് ഒരു പുതിയ സംഭവമൊന്നുമല്ല. 1965—ൽ ഇവിടെ റേഷനിംഗ് ആരംഭിച്ചതുമുതൽക്കുള്ള ഒരേർപ്പാടാണ്. പത്തുമുന്നൂറോളം ഡിപ്പോകളുള്ളതിൽ 263 ഡിപ്പോകളും സ്വകാര്യവ്യക്തികളുടെ കയ്യിലാണ്. റേഷനിംഗ് ആരംഭിച്ചതിനുശേഷം ഇവിടെ പല ഗവൺമെന്റുകളുമുണ്ടായിട്ടുണ്ട്. അന്നൊന്നും ഈ ആരോപണം ആരും ഉന്നയിച്ചിരുന്നില്ല. അന്നെല്ലാം ഈ സംഗതി തുടരുകയായിരുന്നു, ഇപ്പോഴും അത് തുടരുന്നു. മാവേലി സ്റ്റോറുകൾ സ്വകാര്യ വ്യക്തികളെ ഏൽപിക്കാനുദ്ദേശിക്കുന്നില്ല.

ശ്രീ. പി. കെ. കെ. ബാവ: ജനങ്ങളെ സംബന്ധിച്ചിടത്തോളം മാവേലി സ്റ്റോറുകൾ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിൽ വലിയ ആശ്വാസമാണ് നൽകുന്നത്. ഈ വസ്തുത പരിഗണിച്ച് സൂപ്പർ മാവേലി സ്റ്റോറുകളുടെ എണ്ണം അടിയന്തിരമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: അതാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ 10 എണ്ണം ആരംഭിച്ചിട്ടുണ്ട്. അതിൽ മൂന്നെണ്ണം മൊബൈൽ മാവേലി സ്റ്റോറുകളാണ്. അതിന്റെ പ്രവർത്തനം നോക്കി മറ്റ് സ്ഥലങ്ങളിൽക്കൂടി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കെ. ബാവ: ഗുരുവായൂരിന്റെ പ്രാധാന്യവും ടൂറിസ്റ്റുകളുടേയും ഭക്തജനങ്ങളുടേയും ബാഹുല്യവും പരിഗണിച്ച് അവിടെ ഒരു സൂപ്പർ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: മറ്റ് സ്ഥലങ്ങളെ സംബന്ധിച്ച് ആലോചിക്കുമ്പോൾ ഇതിനെപ്പറ്റിയും പരിഗണിക്കാവുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സൂപ്പർ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ്? വർക്കലയിൽ ഇന്നുനിലവിലുള്ള മാവേലിസ്റ്റോർ സൂപ്പർ മാവേലി സ്റ്റോറാക്കി മാറ്റുന്നുവെന്നും അതിന്റെ ഉൽഘാടനം ഞാൻ നിർവ്വഹിക്കണമെന്നും എന്നോട് പറഞ്ഞിരുന്നു. പിന്നെ മന്ത്രി ഇടപെട്ടിട്ടാണോയെന്നറിയില്ല അത് നിറുത്തി വച്ചിരിക്കുകയാണ്. നേരത്തേയുണ്ടായിരുന്ന തീരുമാനപ്രകാരം വർക്കലയിൽ ഉടനടി ഒരു മാവേലി സ്റ്റോർ തുടങ്ങുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. യു. എ. ബീരാൻ: ഇപ്പോൾ ആരംഭിച്ചിരിക്കുന്ന സൂപ്പർ മാവേലി സ്റ്റോറിന്റെ പ്രവർത്തനം നിരീക്ഷിച്ചതിനുശേഷം മറ്റ് സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനെ കുറിച്ചാലോചിക്കുന്നതാണ്. അപ്പോൾ വർക്കലയിലുള്ള മാവേലി സ്റ്റോറിന്റെ കാര്യവും പരിഗണിക്കുന്നതാണ്. ഇപ്പോൾ 10 എണ്ണമേ ആരംഭിച്ചിട്ടുള്ളൂ. അത് പ്രധാനപ്പെട്ട ജില്ലാ കേന്ദ്രങ്ങളും കേന്ദ്രീകരിച്ചുകൊണ്ടുള്ള പട്ടണങ്ങളിൽ ആണ്.

ശ്രീ. ഇ. ജെ. ലൂക്കോസ്: ഒരു നിയോജകമണ്ഡലത്തിൽ ഒരു മാവേലി സ്റ്റോർ എന്ന തത്വം അനുസരിച്ച് അതാരംഭിക്കാനും അങ്ങനെ നിത്യോപയോഗ സാധനങ്ങളുടെ വില കുറച്ചു കൊടുക്കാനുമുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: ഇപ്പോൾ ആകെ 153 മാവേലി സ്റ്റോറുകളാണുള്ളത്. എങ്കിലും നിയോജക മണ്ഡലത്തിൽ മാവേലി സ്റ്റോർ ഇല്ലെങ്കിൽ പരിശോധിച്ച് അവിടെ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പര്യാലോചിക്കുന്നതാണ്.

ശ്രീ. കെ. ടി. കണാരൻ: മൊത്തവ്യാപാരം സഹകാര്യ വ്യക്തികളെ ഏൽപ്പിച്ചിരിക്കുകയാണെന്നും കഴിഞ്ഞകാലങ്ങളിലൊക്കെത്തന്നെ അത് സംസ്ഥാനത്തിന്റെ നയമായിരുന്നുവെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. സാധനങ്ങളുടെ മൊത്തവ്യാപാരവും വിതരണവും സഹകാര്യ വ്യാപാരികളെ ഏൽപിച്ചാൽ ജനങ്ങളെ കൊള്ളയടിക്കുവാനുള്ള അവസരമുണ്ടാകുമെന്നും, അതുകൊണ്ട് ജനങ്ങൾക്ക് പരമാവധി സഹായകരമായ വിധത്തിൽ ന്യായവിലയ്ക്ക് സാധനങ്ങൾ പൊതുമേഖലയിൽക്കൂടി വിതരണം ചെയ്യുക എന്ന നയം പ്രാവർത്തികമാക്കുന്നതിനു വേണ്ടിയല്ല കേരളത്തിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കപ്പെട്ടത്. ആ നയം തന്നെ മൊത്തവ്യാപാര രംഗത്തും വ്യാപകമാക്കുകയെന്നുള്ളതാണോ ഈ ഗവൺമെന്റിന്റെ നയമായി സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ: മൊത്തവ്യാപാരം ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല. ഇത് മാവേലി സ്റ്റോറുകളെ സംബന്ധിച്ചുള്ള ചോദ്യമാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. സഹകാര്യ വ്യക്തികളെ പ്രോൽസാഹിപ്പിക്കുന്ന ഒരു നയം ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇല്ല. പൊതുമേഖലയിലുള്ള പ്രവർത്തനങ്ങൾക്ക് ചില പരിമിതികളുണ്ടെന്ന് കരുതുന്ന ഈ ഗവൺമെൻറ് മാവേലി സ്റ്റോറുകളിലൂടെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം എത്ര വർദ്ധിപ്പിച്ചാലും 25 ശതമാനത്തിലധികം വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നില്ല. ഇപ്പോൾ ഈ വ്യാപാരത്തിന്റെ 10 ശതമാനം മാത്രമേ ഈ കോർപ്പറേഷന് ചെയ്യാൻ കഴിയുന്നുള്ളൂ. അത് പടിപടിയായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ.മണിമംഗലത്തു കുട്ട്യാലി: (ബി) ചോദ്യത്തിനുത്തരമായി മാവേലിസ്റ്റോറുകളും സൂപ്പർ മാവേലി സ്റ്റോറുകളും തമ്മിൽ ഒരു നേരിയ വ്യത്യാസം മാത്രമേയുള്ളൂവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത്തരത്തിലുള്ള ആർട്ടിക്കിൾസാണ് സൂപ്പർ മാവേലി സ്റ്റോറുകൾ വഴി കൊടുക്കുന്നത്. അങ്ങനെയാണെങ്കിൽ മാവേലി സ്റ്റോറുകളും സൂപ്പർ മാവേലി സ്റ്റോറുകളും എന്നുപറഞ്ഞ് ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ ഒരു ജനറൽ മാവേലിസ്റ്റോർ തുറക്കണമെന്ന അഭിപ്രായത്തോട് ഗവൺമെൻറിന്റെ അഭിപ്രായമെന്താണ്?

ശ്രീ.യു.എ.ബീരാൻ: ഇതിന്റെ ഉദ്ദേശം ഞാൻ ഒന്നുകൂടി വ്യക്തമാക്കാം. മൂന്ന് വൻനഗരങ്ങളിൽ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സൂപ്പർമാർക്കറ്റുകൾ ഉണ്ട്. ആ സൂപ്പർമാർക്കറ്റുകളിലുള്ള സാധനങ്ങൾ മറ്റ് പ്രദേശങ്ങളിലുള്ള ആളുകൾക്കുകൂടി ലഭ്യമാക്കാൻ ആ സ്ഥലങ്ങളിൽ സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുകയാണെങ്കിൽ കൂടുതൽ ജോലിക്കാരെ നിയമിക്കണം, കൂടുതൽ പണച്ചെലവ് വരും എന്നുള്ളതുകൊണ്ട് അതിനുപകരം ചില പ്രദേശങ്ങളിലെ ചില പട്ടണങ്ങളിൽ മാവേലി സ്റ്റോറുകൾ സൂപ്പർ മാവേലി സ്റ്റോറുകളാക്കി മാറ്റി. സൂപ്പർ മാർക്കറ്റിൽ വിൽക്കുന്ന സാധനങ്ങൾ അവിടെ വിൽക്കുവാൻ വേണ്ടിയുള്ള പ്രവർത്തനമാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്.

ശ്രീ.കെ.മൂസ്സക്കുട്ടി: സൂപ്പർ മാവേലിസ്റ്റോറുകളിലെല്ലാം തന്നെ സാധാരണ മറ്റ് കടകളിലുള്ളതിനേക്കാൾ കൂടുതൽ വില ചില സാധനങ്ങൾക്ക് ഈടാക്കുന്നുണ്ട്. അങ്ങനെ കൂട്ടിവിറ്റിട്ടും സൂപ്പർ മാവേലി സ്റ്റോറുകൾ വഴി നമുക്ക് ഇതുവരെ എന്തുലാഭം ഉണ്ടായിട്ടുണ്ട്, എത്ര നഷ്ടമുണ്ടായിട്ടുണ്ട് എന്നൊന്ന് വ്യക്തമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: ഏപ്രിൽ, മേയ് മാസങ്ങളിലാണ് സൂപ്പർ മാവേലി സ്റ്റോറുകൾ ആരംഭിച്ചത്. രണ്ടുമൂന്നു മാസമേ ആയിട്ടുള്ളൂ. അതുകൊണ്ട് അതിന്റെ കണക്കെടുക്കാറായിട്ടില്ല. പക്ഷേ അവിടെയെല്ലാം സെയിൽസ് വർദ്ധിച്ചിട്ടുണ്ട്. സൂപ്പർമാവേലി സ്റ്റോറുകളാക്കിമാറ്റിയിട്ടുള്ള സ്ഥലങ്ങളിൽ 350 രൂപ മുതൽ 2000 രൂപവരെ പ്രതിദിനം വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ: 1982–83–ലെ ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ സൂചിപ്പിച്ചത് കുട്ടനാടൻ പ്രദേശങ്ങളിൽ ഒരു ഫ്ളോട്ടിങ് മാവേലിസ്റ്റോർ ഉണ്ടാക്കുമെന്നാണ്. അതിന്റെ നടപടിയെന്തായി, അത് ഉടനെ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ.യു.എ.ബീരാൻ: ഫ്ളോട്ടിംഗ് മാവേലി സ്റ്റോർ കുട്ടനാട്ടിൽ ആരംഭിക്കണമെന്ന് പരിപാടിയുണ്ട്. പക്ഷേ അതിന് സൗകര്യപ്രദമായിട്ടുള്ള ബോട്ട് ലഭിക്കുന്നില്ല. വളരെയധികം ഭാരിച്ച വിലയാണ് ആവശ്യപ്പെടുന്നത്. അതുകൊണ്ട് എങ്ങനെ അത് നിർവ്വഹിക്കാൻ സാധിക്കും എന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ.വി.കെ.രാജൻ: മലയാളികളുടെ വിശേഷ ദിവസമായ തിരുവോണത്തെ അനുസ്മരിച്ചുകൊണ്ടാണ് മാവേലി സ്റ്റോറുകളും വന്നത്. ഇപ്പോൾ ബക്രീദ് ചന്തകളും, ക്രിസ്തുമസ് ചന്തകളും ഉണ്ട്. നമ്മുടെ കേരളം സർവ്വമത സൗഹാർദ്ദത്തിന്റെ പ്രതീകമാണല്ലോ? അതുകൊണ്ട് കേരളത്തിൽ മുഹമ്മദ് നബിയുടെയും, യേശുക്രിസ്തുവിന്റെയും പേരിൽ മാവേലി സ്റ്റോറുകളും ആരംഭിക്കാൻ തയ്യാറാകുമോ;

ശ്രീ.യു.എ.ബീരാൻ: ഇതിന്റെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

ശ്രീ.ജോസ് കുറ്റ്യാനി: സൂപ്പർ മാവേലി സ്റ്റോറുകളിൽ കൂടുതലായി വിൽക്കുന്നുവെന്ന് പറയുന്നത് സ്റ്റേഷനറി സാധനങ്ങളും ഹൗസ്ഹോൾഡ് ഉപകരണങ്ങളും മറ്റുമാണ്. ഈ സാധനങ്ങൾ വിൽക്കുന്ന സൂപ്പർ മാവേലി സ്റ്റോറുകൾ എല്ലാ സ്ഥലത്തും തുറക്കണമെങ്കിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. നിലവിലുള്ള മാവേലി സ്റ്റോറുകളിൽ ഈ സാധനങ്ങൾ കൂടി വിൽക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി കൊടുത്താൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കാതെ തന്നെ എല്ലാ സ്ഥലങ്ങളിലും സൂപ്പർ മാവേലി സ്റ്റോർ കൂടി കിട്ടാനുള്ള സാഹചര്യം ഉണ്ടാക്കാൻ കഴിയും എന്ന വസ്തുത കണക്കിലെടുത്ത് നിലവിലുള്ള മാവേലി സ്റ്റോറുകളിൽ കൂടി ഈ സാധനങ്ങൾ വിൽക്കുവാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ.യു.എ.ബീരാൻ: അത് സാദ്ധ്യമല്ല. എല്ലാ മാവേലി സ്റ്റോറുകളും ഇതുപോലെ സൂപ്പർ മാർക്കറ്റ് ആയി വിപുലീകരിക്കാൻ സാദ്ധ്യമല്ല. ഈ പത്ത് പ്രദേശങ്ങൾക്കു പുറമേ ഇനി തെരഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങളിൽ ക്രമേണയായി മാത്രമേ അത് നടപ്പാക്കാൻ കഴിയൂ.

ശ്രീ.ആർ.എസ്.ഉണ്ണി: പാമൊലിന്റെ വിതരണം നിറുത്തിവയ്ക്കാൻ തീരുമാനിച്ചതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പാമൊലിൻ നല്ലതു പോലെ സ്റ്റോക്കുണ്ടായിരുന്നു. ആ സ്റ്റോക്കുണ്ടായിരുന്ന പാമോയിൽ ചീത്തയായിട്ടുണ്ടെന്നും, ഇനി അത് ഉപയോഗയോഗ്യമല്ല എന്നുമുള്ള പത്ര വാർത്തകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രമാത്രം പാമൊലിൻ സ്റ്റോക്ക് ഉണ്ടായിരുന്നു; അത് വിതരണം ചെയ്യാതെ ചീത്തയായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമൂലം എത്ര നഷ്ടം വന്നിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ: ഡിസംബർ മാസത്തിൽ സംസ്ഥാന ഗവൺമെന്റ് പാമൊലിൻ വിതരണം നിർത്തണമെന്നും വെളിച്ചെണ്ണ വിതരണം ആരംഭിക്കണമെന്നും തീരുമാനിച്ചപ്പോൾ കുറച്ച് സ്റ്റോക്ക് ഉണ്ടായിരുന്നു. അത് ഞാൻ ആദ്യം പറഞ്ഞു 1700 ടണ്ണാണ് സ്റ്റോക്ക് ഉണ്ടായിരുന്നത് എന്ന്. ആ സ്റ്റോക്കുണ്ടായിരുന്ന പാമൊലിൻ കേടു വന്നിരിക്കുന്നു, നഷ്ടം വന്നിരിക്കുന്നു എന്നെല്ലാം പറഞ്ഞ് പത്രങ്ങളിൽ റിപ്പോർട്ട് ഉണ്ടായി. അതൊന്നും ശരിയല്ല. ആ 1700 ടൺ പാമൊലിൻ റംസാൻ കാലത്ത് കാർഡ് ഉടമകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മന്ത്രിസഭയുടെ നാലാം വാർഷികത്തോടനുബന്ധിച്ച് മന്ത്രി നൂറുദ്ദീൻ തലശ്ശേരിയിൽ വന്ന് തലശ്ശേരിയിലെ മാവേലി സ്റ്റോറിന്റെ ബോർഡ് മാറ്റി സൂപ്പർ മാവേലി സ്റ്റോർ എന്ന് വച്ചതല്ലാതെ ആ മാവേലി സ്റ്റോറിനകത്ത് പുതിയ ഒരൊറ്റസാധനവും കൊണ്ടുവന്നില്ല. ബോർഡ് മാറ്റിയതല്ലാതെ വേറൊന്നും ഉണ്ടായിട്ടില്ല എന്ന വിവരം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടെ എന്തെങ്കിലും പുതുതായിട്ട് സാധനങ്ങൾ കൊടുക്കാൻ ഏർപ്പാട് ചെയ്യുമോ?

ശ്രീ. യു. എ. ബീരാൻ: തലശ്ശേരിയിലെ സൂപ്പർ മാവേലി സ്റ്റോറിലും ഞാൻ പറഞ്ഞ രീതിയിലുള്ള എല്ലാ സാധനങ്ങളും ഉണ്ട്. ബഹുമാനപ്പെട്ട ബാലകൃഷ്ണൻ അവിടെ പോയിട്ടുണ്ടാവില്ല. അവിടെ പോയാൽ ഈ സാധനങ്ങളെല്ലാം കാണാവുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: നിലവിലുള്ള മാവേലി സ്റ്റോറുകളിൽ വിതരണത്തിന് ഉണ്ടായിരുന്ന പാമൊലിന്റെ വിൽപ്പന നിർത്തിയതുമൂലം നിലവിലുള്ള മാവേലി സ്റ്റോർ തന്നെ ഭീമമായ നഷ്ടത്തിൽ ഓടുന്നു എന്ന സാഹചര്യം കണക്കിലെടുത്ത് നിലവിലുള്ള മാവേലി സ്റ്റോറുകളിലൂടെ കൂടുതൽ ക്ഷേ്യ എണ്ണയും, അതുപോലെ പാമൊലിനും വീണ്ടും വിതരണം ചെയ്തത് അത് ലാഭകരമാക്കിത്തീർക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ: ക്ഷേ്യ എണ്ണ എന്ന രൂപത്തിൽ ആണ് വെളിച്ചെണ്ണ കൊടുത്തുകൊണ്ടിരിക്കുന്നത്. മുൻപ് പാമൊലിനാണ് കൊടുത്തുകൊണ്ടിരുന്നത്. അത് നിർത്തിവയ്ക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചതിനു ശേഷമാണ് വെളിച്ചെണ്ണ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: ഇരുമ്പരിക്ക് സൂപ്പർ ഫൈൻ അരി എന്ന് പറഞ്ഞതുപോലെയാണോ നമ്മുടെ മാവേലി സ്റ്റോറുകൾക്ക് സൂപ്പർ മാവേലി സ്റ്റോറുകൾ എന്ന് പറഞ്ഞിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: അല്ല.

ശ്രീ. ഒ. ഭരതൻ: മാവേലി, ശ്രീകൃഷ്ണൻ, ശ്രീരാമൻ എന്നൊക്കെ പറയുമ്പോൾ നമ്മുടെ ഐതിഹ്യങ്ങളെയും, പുരാണങ്ങളെയുമാണ് സങ്കൽപ്പിക്കുന്നത്. അതിന്റെ മുൻപിൽ സൂപ്പർ എന്ന് ചേർത്തത് ആ ഐതിഹ്യത്തെത്തന്നെ വികലമാക്കിത്തീർക്കുന്ന ഒരു ഏർപ്പാടാണ്. അതുകൊണ്ട് അത്തരം നടപടി അവസാനിപ്പിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ: കമ്മ്യൂണിസ്റ്റുകാരനായ വി.കെ. രാജനും, മാർക്സിസ്റ്റുകാരനായ ഒ.ഭരതനുമൊക്കെ ശ്രീകൃഷ്ണന്റെ പേരുകൾ ഇവിടെ അസംബ്ലിയിൽ പറയുന്നത് തന്നെ പുതുമയായിട്ടാണ് എനിക്ക് തോന്നുന്നത്. എന്തായാലും അങ്ങനെയുള്ള പേരുകൾ മാവേലി സ്റ്റോറുകൾക്ക് കൊടുക്കാൻ ഉദ്ദേശമില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: മാവേലിസ്റ്റോറു കൾ ആരംഭിച്ച കാലത്ത് മാവേലി നാടുവാഴുന്ന കാലത്ത് ആളുകൾ സുഖമായി ജീവിച്ചിരുന്നതുപോലെ, കിട്ടുന്ന കാശുകൊണ്ട് സുഭിക്ഷമായി ജീവിക്കാൻ ആവശ്യമായ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കണം എന്ന സങ്കൽപ്പമാണ് ഈ സ്റ്റോറുകൾക്ക് മാവേലി സ്റ്റോറുകൾ എന്ന പേര് ഉണ്ടാക്കി കൊടുത്തത്. അങ്ങനെയുള്ള മാവേലി സ്റ്റോറു കൾ എന്ന അന്നത്തെ സങ്കൽപ്പത്തോടുള്ള വിരോധം കൊണ്ടാണോ, ആ സങ്കൽപ്പത്തിലുള്ള എതിർപ്പുകൊണ്ടാണോ അതിന്റെ മുൻപിൽ സൂപ്പർ എന്നു ചേർത്ത് വികൃതമാക്കാൻ ശ്രമിക്കുന്നത്?

ശ്രീ. യു. എ. ബീരാൻ: അതിൽ ചോദ്യമില്ല. അത് അദ്ദേഹത്തിന്റെ അഭിപ്രായമാണ്.

ശ്രീ. ബേബി ജോൺ: മാവേലി സ്റ്റോർ ഉണ്ടായതിന്റെ പ്രധാന ഉദ്ദേശം നിത്യോപയോഗ സാധനങ്ങൾ, നല്ല സാധനങ്ങൾ ന്യായമായ വിലയ്ക്ക് കൊടുക്കുക എന്ന ആഗ്രഹത്തോടുകൂടിയാണ്. ഇപ്പോൾ നമ്മുടെ ടോട്ടൽ റികവർമെന്റിൽ എത്ര ശതമാനം ഈ മാവേലി സ്റ്റോർ വഴി വിതരണം ചെയ്യുന്നു എന്ന് പറയാൻ കഴിയുമോ, ആ രീതിയിൽ വില കയറാതെ തടഞ്ഞ് നിറുത്താൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ: അതാണ് മറ്റൊരു ചോദ്യത്തിന് മറുപടിയായി ഞാൻ ഇവിടെ സൂചിപ്പിച്ചത്. കേരളത്തിൽ ആകെ നടക്കുന്ന മൊത്തം വ്യാപാരത്തിന്റെ 25% ഈ പൊതു മേഖലാസ്ഥാപന മായ കോർപ്പറേഷന്റെ കീഴിൽ കൊണ്ടു വരണമെന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. അതാണ് ഇപ്പോഴും ലക്ഷ്യം. പക്ഷേ ഇത്രയും കാലമായി, 1974 മുതൽ 1986 വരെ കേരളത്തിൽ കച്ചവടത്തിന്റെ 10% മാത്രമാണ് ഇതിലൂടെ നടക്കുന്നത്. എന്നാലും പല സാധനങ്ങളുടെയും വില പിടിച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ട്. ഒരു കുടുംബത്തിന് നാലു കിലോ അരി വീതം കിലോക്ക് 3.25 രൂപ വച്ച് മാവേലി സ്റ്റോർ വഴി കൊടുക്കും. ആ അരിക്ക് 3.80 രൂപ പൊതു വിപണിയിൽ വിലയുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഈ സംസ്ഥാനത്ത് മൂന്ന് മൊബൈൽ മാവേലി സ്റ്റോറുകളുണ്ട് എന്ന് മന്ത്രി ഇവിടെ പറയുക യുണ്ടായി. അത് എവിടെയൊക്കെ ആണെന്ന് വ്യക്തമാക്കാമോ; മറ്റ് പ്രദേശങ്ങളുമായി ബന്ധപ്പെടാൻ സാധിക്കാത്ത വനപ്രദേശങ്ങളിൽ താമസിക്കുന്ന ഗിരിവർഗ്ഗക്കാർക്ക് സാധനങ്ങൾ എത്തിക്കുവാൻ ഇത്തരത്തിലുള്ള മൊബൈൽ മാവേലി സ്റ്റോറുകൾ കൂടുതൽ ആരംഭിക്കാനുള്ള നടപടിയെടുക്കുമോ?

ശ്രീ. യു. എ. ബീരാൻ: അത് ഞാൻ പറഞ്ഞു മൂന്നു കോർപ്പ റേഷനുകളിലാണ് ഇപ്പോൾ മൊബൈൽ മാവേലി സ്റ്റോറുകൾ ഉള്ള തെന്ന്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം ഉൾനാടൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിലും ഗിരിവർഗ്ഗക്കാരുടെ സ്ഥലങ്ങളിലുമൊക്കെ ആവശ്യമനുസരിച്ച് മാവേലി സ്റ്റോറുകളും കൊടുക്കാൻ കഴിയുന്ന സ്ഥലങ്ങളിൽ കൊടുക്കുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ: ഞാൻ ചോദിക്കുന്നത് വില കുറഞ്ഞു എന്ന് പറഞ്ഞതുകൊണ്ടാണ് 1985-ൽ ഒരു കിലോ അരിക്ക് 2.95 രൂപ ആയിരുന്ന സ്ഥാനത്ത് ഇപ്പോൾ 3.95 രൂപ എന്നാണ് പറഞ്ഞത്. അതുപോലെ 1983-ൽ ഒരു കിലോ ഉപ്പിന് 60 നയാ പൈസ ഉണ്ടായിരുന്നത് ഇപ്പോൾ 85-90(പൈസ) രണ്ടു തരത്തിലാണ് വിൽക്കുന്നത്. അതുപോലെ 3.25 രൂപ വിലയുണ്ടായിരുന്ന പഞ്ചസാരക്ക് ഇപ്പോൾ 5 രൂപയാണ്. ഇതിൽ നിന്ന് മനസ്സിലാക്കുന്നത് വില വർദ്ധിച്ചിട്ടില്ല എന്നാണോ?

ശ്രീ. യു. എ. ബീരാൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു സാമ്പത്തിക തത്വശാസ്ത്രജ്ഞൻ കൂടിയാണ്. എന്നാൽ ഗവൺമെൻറ് ഓഫ് ഇന്ത്യ പ്രഖ്യാപിച്ചിട്ടുള്ള നാലാം ശമ്പള കമ്മിഷൻ റിപ്പോർട്ടിൽ ഒരു ഗവൺമെൻറ് ഉദ്യോഗസ്ഥൻറെ മിനിമം ശമ്പളം 900 രൂപ എന്നാണ് വച്ചിട്ടുള്ളത്. പണ്ടത്തെ കാലത്ത്, 30 രൂപയായിരുന്നു. അപ്പോൾ 30 രൂപ വാങ്ങിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 900 രൂപയാണ് വാങ്ങുന്നത്. അതുകൊണ്ട് അതിനനുസരിച്ച് സാധനങ്ങളുടെ വിലയും വർദ്ധിച്ചിട്ടുണ്ട്. അങ്ങനെയുള്ള വർദ്ധനവ് ഞങ്ങളുടെ കോർപ്പറേഷന് ബാധകമല്ലേ?

ശ്രീ. കെ. ഇ. ഇസ്മയിൽ: നമ്മുടെ സംസ്ഥാനത്തെ അതിരൂക്ഷമായ വിലവർദ്ധനവിൽ നിന്നു ജനങ്ങളെ രക്ഷിക്കാൻ വേണ്ടിയാണല്ലോ മാവേലിസ്റ്റോറുകളും അതിൻറെ ഉയർന്ന രൂപമാണ് എന്ന് മന്ത്രി വിശേഷിപ്പിച്ച സൂപ്പർ മാവേലി സ്റ്റോറുകളും ആരംഭിച്ചത്. ഇത്തരം മാവേലി സ്റ്റോറുകളിൽ കിട്ടുന്ന സാധനങ്ങളുടെ വില പരസ്യമാർക്കറ്റിൽ കിട്ടുന്ന സാധനങ്ങളുടെ വിലയേക്കാൾ കൂടുതലാണെന്നു ആക്ഷേപമുണ്ട്. അതുകൊണ്ട് മാവേലി സ്റ്റോറുകൾ പലതും മാറാല കുത്തി കിടക്കുകയാണ്. മാവേലിസ്റ്റോറുകളുടെ പേരുമാറ്റി സൂപ്പർ മാവേലി സ്റ്റോറുകളെന്നു വച്ചതുകൊണ്ടുമാത്രം വ്യത്യാസം വരികയില്ല. അത്യാവശ്യ സാധനങ്ങൾക്ക് മാവേലി സ്റ്റോറുകളിലും പരസ്യ മാർക്കറ്റിലുമുള്ള വിലയുടെ വ്യത്യാസമെന്താണെന്നു വിശദമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയല്ല. വില വർദ്ധനവില്ല. ഈ സാധനങ്ങളുടെ വില ഞാൻ വായിക്കാം. പുഴുക്കലരിക്ക് മാവേലി സ്റ്റോറിലെ വില 3.25 രൂപ. പരസ്യമാർക്കറ്റിൽ 4.36, തിരുവനന്തപുരത്ത് 4.80. പച്ചരിക്ക് മാവേലി സ്റ്റോറിൽ 3.25, പരസ്യമാർക്കറ്റിൽ 3.70-ഉം 3.60-ഉം, തിരുവനന്തപുരത്ത് 3.70. മൈദയുടെ മാവേലി സ്റ്റോറിലെ വില 3.30 ആണ്. മൈദ തുടങ്ങി ഒന്നുരണ്ടു സാധനങ്ങൾക്ക് മാത്രമാണ് അൽപ്പം വില കൂടുതലുള്ളത്. സൂചി ഗോതമ്പിന് മാവേലി സ്റ്റോറിലെ വില 3.30, പരസ്യ മാർക്കറ്റിൽ 3.30, തിരുവനന്തപുരത്ത് 3.70. പഞ്ചസാരയ്ക്ക് മാവേലി സ്റ്റോറിൽ 5.80, പരസ്യമാർക്കറ്റിൽ 5.90, തിരുവനന്തപുരത്ത് 6.10. ചെയറുപയറിന് മാവേലി സ്റ്റോറിൽ 6.70, പരസ്യമാർക്കറ്റിൽ 6.90, തിരുവനന്തപുരത്ത് 7.20. തുവരപ്പരിപ്പിന് മാവേലിസ്റ്റോറിൽ 6.90, പരസ്യമാർക്കറ്റിൽ 7.50, തിരുവനന്തപുരത്ത് 7.20.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: പൊതുവിതരണ രംഗത്ത് പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷനുകളും സഹകരണ സംഘങ്ങളും ഏകോപിപ്പിച്ച് പ്രവർത്തിച്ചാൽ ഈ രംഗം കൂടുതൽ ഫലപ്രദമാക്കാൻ കഴിയുമെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ: ഇതൊരു നല്ല നിർദ്ദേശമാണ്. സഹകരണ മാവേലി സ്റ്റോറുകളെന്ന ആശയം തന്നെ ഇതിന്റെ ആരംഭമാണ്.

റേഷൻ കട വഴിയുള്ള ഭക്ഷ്യ എണ്ണ വിതരണം

* 162 [165] ശ്രീമതി പി.ദേവൂട്ടി:
ശ്രീ. വി.കേശവൻ:
,, കെ.പുരുഷോത്തമൻ:
,, വി.ജെ.തങ്കപ്പൻ:
,, സി.കെ.ചക്രപാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകട വഴി ഭക്ഷ്യ എണ്ണ വിതരണം എന്നു മുതലാണ് ആരംഭിച്ചത്;

(ബി) ഇപ്പോൾ എന്തെല്ലാം ഭക്ഷ്യ സാധനങ്ങളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നത്;

(സി) വെളിച്ചെണ്ണ റേഷൻകടകൾ വഴി വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.യു.എ. ബീരാൻ):

(എ) 1980 ഫെബ്രുവരി മാസം മുതൽ.

(ബി) അരി, ഗോതമ്പ്, പഞ്ചസാര, വെളിച്ചെണ്ണ എന്നീ ഭക്ഷ്യസാധനങ്ങൾ.

(സി) വെളിച്ചെണ്ണയുടെ ലഭ്യതയനുസരിച്ച് വിതരണം ചെയ്യുന്നുണ്ട്.

ശ്രീ.വി.കേശവൻ: റേഷൻ കടകളിലൂടെ വെളിച്ചെണ്ണ വിതരണം ചെയ്യുന്നത് വെളിച്ചെണ്ണയുടെ ലഭ്യതയനുസരിച്ചാണെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് വെളിച്ചെണ്ണ കിട്ടാൻ അത്ര വലിയ ബുദ്ധിമുട്ടാണോ? എല്ലാ റേഷൻകടകളിലൂടെയും ആവശ്യത്തിന് വെളിച്ചെണ്ണ ഇപ്പോൾ കൊടുക്കുന്നില്ല. എല്ലാ റേഷൻ കടകളിലൂടെയും വെളിച്ചെണ്ണ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly